**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ദൃശ്യ / ശ്രവ്യ / പത്രമാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു.<br>വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാനയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്ക് വേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സുരക്ഷാകാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പ് വരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിംഗ് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവർത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തി വരുന്നു.<br><br>സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള നിശ്ചിത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>2. പുതുതായി നിർമ്മിക്കുന്ന ഇലക്ട്രിക് LT ലൈനുകൾ സുരക്ഷയുടെ കൂടി പ്രാധാന്യം കണക്കിലെടുത്തു |

'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചു.

3.വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുമ്പോഴും ലോഹ നിർമ്മിത ഏണികൾ ഉപയോഗിക്കുമ്പോഴും തേങ്ങ, ചക്ക, മാങ്ങ തുടങ്ങിയ ഫലാദികൾ ലോഹത്തോട്ടി ഉപയോഗിച്ച് അടർത്തുമ്പോഴും തോട്ടി, ഏണി എന്നിവ ലൈനിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഉണ്ടാകാറുണ്ട്. ഈ സാഹചര്യത്തിൽ പൊതു ജനങ്ങളെ ഇത്തരം അപകടങ്ങളെ കുറിച്ച് കൂടുതൽ ബോധവാന്മാർ ആക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനു വേണ്ട ശബ്ദസന്ദേശവും ഹ്രസ്വ വീഡിയോയും കെ.എസ്.ഇ.ബി.എൽ.-ന്റെ PRD വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. സെക്ഷൻ തലത്തിൽ ഇപ്രകാരം മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ കൈക്കൊള്ളുകയും വീഡിയോ ക്ലിപ്പിംഗ് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചും പൊതു ജനങ്ങളെ ബോധവല്കരിക്കുന്നുണ്ട്.

4. പൊതുജനങ്ങളെ വൈദ്യുതി മൂലമുള്ള അപകടങ്ങളെ കുറിച്ച് കൂടുതൽ ബോധവന്മാർ ആക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

5. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരളാ സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിന്റെ" ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിനു '**ദ്യുതി 2021**' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്ടറിങ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്ന് പോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക തുടങ്ങിയ പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട് .

6. വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(നൂതന വർക്ക്സൈറ്റ് ഏർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.)

7. അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളി ലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കു ന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നല്കിയിട്ടുള്ളത്. കാലപഴക്കം മൂലം കേടാവുന്നവ ഉടനടി പകരം വാങ്ങി നൽകുന്നുമുണ്ട്.

8. വൈദ്യുത കമ്പി പൊട്ടിവീഴുന്നതു പോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്കു നേരിട്ട് വിളിച്ചറി യിക്കുന്നതിന് “9496010101” എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് വിവിധ സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. റസിഡൻസ് അസ്സോസിയേഷൻ, പഞ്ചായത്ത്, സ്കൂളുകൾ, എല്ലാ പഞ്ചായത്തിലെ വാർഡ് തലത്തിലുള്ള ആശാവർക്കർമാർ അല്ലെങ്കിൽ കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് ബോധവൽക്കരണം നൽകുന്നതിനായി 14 ജില്ലകളിലും ഇന്ററാക്ടീവ് ക്ലാസുകൾ നടത്തുന്നു. ഗാർഹിക മേഖലയിലെ അപകട നിരക്ക് വളരെ കൂടുതലാണ്. ഗാർഹിക പ്രതിഷ്ഠാപനത്തിൽ നടക്കുന്ന അപകടങ്ങളിൽ ഭൂരിഭാഗവും മരണത്തിൽ കലാശിക്കുന്നു. പൊതുജനങ്ങൾക്ക് അവ ബോധം സൃഷ്ടിക്കുക വഴി മാത്രമേ ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കാൻ സാധിക്കൂ. പൊതുജനങ്ങൾക്കിടയിൽ വൈദ്യുത സുരക്ഷയെക്കുറിച്ചും വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും വകുപ്പ് സെമിനാറുകളും, സുരക്ഷാ ക്ലാസ്സുകളും ബോധവൽക്കരണകാമ്പെയ്നുകളും നടത്തു ന്നുണ്ട്. കൂടാതെ ദൃശ്യശ്രാവ്യ മാധ്യമങ്ങ ളിലൂടെയും പത്രക്കുറിപ്പിലൂടെയും വൈദ്യുത സുരക്ഷാ ബോധവൽക്കരണം നടത്താറുണ്ട്. വൈദ്യുത അപകടം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി എല്ലാ വർഷവും

| | | | |
|---|---|---|---|
| | | | ജൂൺ 26 മുതലുള്ള ഒരാഴ്ച വൈദ്യുതസുരക്ഷാ വാരാചരണം ആചരിക്കുന്നു. വൈദ്യുത സുരക്ഷയെ സംബന്ധിച്ച് സ്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വൈദ്യുത സുരക്ഷ വിഷയമാക്കി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും 2022-ൽ നടത്തുകയുണ്ടായി. ആയതിന്റെ ജില്ലാതല സമ്മാന വിതരണം 2022-ന് ജില്ലാതലത്തിൽ നൽകുകയുണ്ടായി. കൂടാതെ സംസ്ഥാനതല വിജയികൾക്കുള്ള സമ്മാനദാനം 2023-ലെ വൈദ്യുത സുരക്ഷാവാരത്തിന്റെ ഉദ്ഘാടന വേളയിൽ ബഹുമാനപ്പെട്ട വൈദ്യുത വകുപ്പ് മന്ത്രി വിതരണം ചെയ്യുകയും ചെയ്തു.<br><br>കൂടാതെ 'എന്റെ കേരളം' എക്സിബിഷനിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ വൈദ്യുതസുരക്ഷാ ബോധവൽക്കരണം നൽകുന്ന സ്റ്റാളുകൾ സംഘടിപ്പിച്ചു. വൈദ്യുതസുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സുരക്ഷാ സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>വൈദ്യുതി കമ്പി പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറിന്റെ സെക്കൻഡറിയിൽ ബ്രേക്കറുകളും ലൈനിൽ സ്പേസറും, ഗാർഡിംഗും വയ്ക്കുന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ